കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - കാസർകോട് നഗരസഭയിലെ മൽസ്യ മാർക്കറ്റിലെ ഖരമാലിന്യ സംസ്കരണ പ്ലാന്റിന്റെ നിർമ്മാണത്തിലുള്ള പൊതുപണത്തിന്റെ ദുരുപയോഗം സംബന്ധിച്ച് ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ ശുപാർശ നടപ്പിലാക്കി ബഹു. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കുള്ള ഓംബുഡ്സ്മാന്റെ അന്വേഷണം പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

തദ്ദേശ സ്വയം ഭരണ (എ.ബി) വകുപ്പ്

സ.ഉ(സാ.ധാ) നം. 1822/2015/ത.സ്വ.ഭ.വ തിരുവനന്തപുരം,തിയതി 18.06.2015

പരാമർശം : 1. ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ 09.04.2015 - ലെ 37031/എഫ്.ഐ.ഡബ്ല്യു - ജി2/2014/ധന നമ്പർ അർദ്ധ ഔദ്യോഗിക കത്തും ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ പരിശോധനാ റിപ്പോർട്ടും

## ഉത്തരവ്

കാസർകോട് നഗരസഭയിലെ മൽസ്യ മാർക്കറ്റിലെ ഖരമാലിന്യ സംസ്കരണ പ്ലാന്റിന്റെ നിർമ്മാണത്തിൽ പൊതുപണത്തിന്റെ ദുരുപയോഗമുള്ളതായും ആയതിനാൽ ഇക്കാര്യത്തിൽ ബഹു. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കുള്ള ഓംബുഡ്സ്മാന്റെ അന്വേഷണം നടത്തുന്നതിനാവശ്യമായ നടപടികൾ തദ്ദേശ സ്വയം ഭരണ വകുപ്പ് കൈക്കൊള്ളേണ്ടതുമാണ് എന്ന് ധനകാര്യ വകുപ്പിന്റെ സൂചന പരിശോധനാ റിപ്പോർട്ടിൽ നിർദ്ദേശിച്ചിരിക്കുന്നു.

ഈ സാഹചര്യത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കാസർകോട് നഗരസഭയിലെ മൽസ്യ മാർക്കറ്റിലെ ഖരമാലിന്യ സംസ്കരണ പ്ലാന്റിന്റെ നിർമ്മാണത്തിൽ പൊതുപണത്തിന്റെ ദുരുപയോഗമുള്ളതിനാൽ ബഹു. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കുള്ള ഓംബുഡ്സ്മാന്റെ അന്വേഷണത്തിലൂടെ ഇക്കാര്യത്തിൽ കൂടുതൽ വ്യക്തതയുണ്ടാകുന്നതാണെന്ന് സർക്കാരിന് ബോധ്യപ്പെട്ടിരിക്കുന്നതായ സാഹചര്യത്തിൽ കാസർകോട് നഗരസഭയിലെ മൽസ്യ മാർക്കറ്റിലെ ഖരമാലിന്യ സംസ്കരണ പ്ലാന്റിന്റെ നിർമ്മാണം സംബന്ധിച്ച് ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ പരിശോധനാ റിപ്പോർട്ടിലെ കണ്ടെത്തലുകളിന്മേൽ ബഹു. തദ്ദേശ സ്വയം

(മറുപുറം)

ഭരണ സ്ഥാപനങ്ങൾക്കുള്ള ഓംബുഡ്സ്മാന്റെ അന്വേഷണം പ്രഖ്യാപിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
ജയിംസ് വർഗീസ്
പ്രിൻസിപ്പൽ സെക്രട്ടറി

സെക്രട്ടറി, ബഹു. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കുള്ള ഓംബുഡ്സ്മാൻ. തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ